**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 6466** **01.11.2011 -ൽ മറുപടിക്ക്**

**വൈപ്പിൻകരയിലെ അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം**

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | എൽ.എൻ.ജി ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ തുടങ്ങിയവയിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഏറെയും താമസമാക്കിയിരിക്കുന്നത് വൈപ്പിൻ കരയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പൊതുജനാരോഗ്യ രംഗത്ത് സ്വീകരിക്കേണ്ട മുൻകരുതൽ എന്ന നിലയിൽ രക്ത പരിശോധനയ്ക്കും വെക്ടർ കൺട്രോളിനും ഓരോ യൂണിറ്റുകൾ അവിടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഇതര സംസ്ഥാന തൊഴിലാളികൾ വൈപ്പിനിൽ ധാരാളമായി താമസിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അവിടെ മലമ്പനിക്കും, മന്തുരോഗത്തിനും വേണ്ടിയുളള പ്രത്യേക രക്തപരിശോധന ക്യാമ്പുകൾ നടത്താറുണ്ട്. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തി രോഗം കണ്ടെത്തുന്നവർക്ക് തക്കതായ ചികിത്സയും നൽകിവരുന്നു.<br>രോഗപ്രതിരോധ മാർഗ്ഗമെന്ന നിലയിൽ കൊതുകു നശീകരണ പ്രവർത്തനങ്ങളായ |

| | | |
|---|---|---|
| | | ഉറവിട നശീകരണം, ഫോഗിങ്ങ്, സ്പ്രേയിംഗ് എന്നീ പ്രവർത്തനങ്ങൾ എറണാകുളത്ത് പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഇവിടെ നടത്താറുണ്ട്. കൂടാതെ വൈപ്പിൻ പ്രദേശം, മാലിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തിന് കീഴിൽ വരുന്ന ഒരു പ്രദേശമായതിനാൽ അവിടുന്നുള്ള ഫീൽഡ് വിഭാഗം ജീവനക്കാരും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്താറുണ്ട്. കൊതുക് - കൂത്താടി നശീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ, ക്ലോറിനേഷൻ, രോഗ നിർണ്ണയ ക്യാമ്പുകൾ എന്നീ പ്രവർത്തനങ്ങൾ മാലിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വൈപ്പിനിൽ നടത്തിവരുന്നു. വൈപ്പിനടുത്ത് എറണാകുളത്ത് പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ നിന്നുമുള്ള ജീവനക്കാർക്ക് ഇവിടെ കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമെന്നതിനാൽ വൈപ്പിനിൽ പ്രത്യേകമായി ഒരു വെക്ടർ കൺട്രോൾ യൂണിറ്റ് സ്ഥാപിക്കേണ്ട ആവശ്യകതയില്ല. |

സെക്ഷൻ ഓഫീസർ